# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2888

13/07/2015 ൽ
മറുപടിക്ക്

### കാലാവധി കഴിയുന്ന പി. എസ്. സി. ലിസ്റ്റുകൾ

**ചോദ്യം :**

ശ്രീ. വി. ശിവൻകുട്ടി

(എ) 2015 - ലെ വിവിധ മാസങ്ങളിൽ കാലാവധി കഴിയുന്ന പി. എസ്. സി. ലിസ്റ്റുകൾ ഏതൊക്കെയാണെന്നും അവയുടെ കാലാവധി നീട്ടാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ ?

**ഉത്തരം :**

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) ഒരു റാങ്ക് പട്ടികയുടെ കാലാവധി എന്നത് പ്രസ്തുത റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും കൂടിയത് മൂന്ന് വർഷവും ആണ്. ഈ കാലയളവിൽ ഇതേ തസ്തികയ്ക്ക് മറ്റൊരു റാങ്ക് പട്ടിക പ്രാബല്യത്തിൽ വരികയാണെങ്കിൽ ആ തീയതി മുതൽ നിലവിലുള്ള റാങ്ക് പട്ടിക ഇല്ലാതായി തീരും. 31.03.2015-ൽ നിലവിലുള്ളതും 29.09.2015 വരെയുള്ള കാലയളവിൽ കാലാവധി അവസാനിക്കുന്നതുമായ എല്ലാ റാങ്ക് ലിസ്റ്റുകളുടെയും കാലാവധി ചില നിബന്ധനകൾക്ക് വിധേയമായി 30.09.2015 വരെ പി.എസ്.സി ദീർഘിപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ